പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 859 — 30.01.2019 ൽ മറുപടിയ്ക്ക്

**കാസർഗോഡ് ജില്ലയിൽ ആന പ്രതിരോധ മതിൽ നിർമ്മിക്കാൻ നടപടി**

| | ചോദ്യം<br>**ശ്രീ.എം.രാജഗോപാലൻ** | | മറുപടി<br>**അഡ്വ.കെ.രാജു**<br>**(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)** |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ കർണ്ണാടക വനാതിർത്തി പങ്കിടുന്ന പാലവയൽ വില്ലേജിൽ, കണ്ണൂർ ഡിവിഷനിൽ ചെയ്തുവരുന്നത് പോലെയുള്ള ആന പ്രതിരോധ മതിൽ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ ആന ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ നിലവിൽ ആന പ്രതിരോധ മതിൽ നിർമ്മിച്ചിട്ടുണ്ട്. പാലവയൽ വില്ലേജിലെ കർണ്ണാടക അതിർത്തി പങ്കിടുന്ന വനഭൂമിയിൽ ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രതിരോധ മതിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായ ഇവിടങ്ങളിൽ റെയിൽ ഫെൻസിങ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | കാസർഗോഡ് ജില്ലയിലെ കർണ്ണാടക വനാതിർത്തി പങ്കിടുന്ന പാലവയൽ വില്ലേജിൽ നിലവിൽ സോളാർ പവർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. ആയത് പരിപാലിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ